21108
26/12/16

# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് - കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ - മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ(കൈ)നം: 33/2016/ മതുവ. തീയതി, തിരുവനന്തപുരം,22.12.2016.**

---

പരാമർശം: -
1) സ.ഉ(കൈ) നം. 42/2007/മതുവ തീയതി 02.11.07.
2) സ.ഉ(കൈ) നം. 29/2008/മതുവ തീയതി 27.05.08.
3) സ.ഉ(കൈ) നം. 78/2008/മതുവ തീയതി 06.12.08.
4) സ.ഉ(പി) നം. 01/2009/മതുവ തീയതി 05.01.09.
5) സ.ഉ(കൈ) നം. 38/2009/മതുവ തീയതി 11.06.09.
6) സ.ഉ(കൈ) നം. 74/2009/മതുവ തീയതി 13.11.09.
7) സ.ഉ(കൈ) നം. 33/2010/മതുവ തീയതി 05.05.10.
8) സ.ഉ(കൈ) നം. 62/2010/മതുവ തീയതി 10.08.10.
9) സ.ഉ(കൈ) നം. 01/2011/മതുവ തീയതി 01.01.11.
10) സ.ഉ(കൈ) നം. 78/2011/മതുവ തീയതി 05.08.11.
11) സ.ഉ(കൈ) നം.25/12/മതുവ തീയതി 31.03.12.
12) സ.ഉ(കൈ) നം.101/12/മതുവ തീയതി 26.12.12.
13) സ.ഉ(കൈ) നം. 77/13/മതുവ തീയതി 26.12.13.
14) സ.ഉ(കൈ) നം. 72/14/മതുവ തീയതി 15.12.14.
15) സ.ഉ(കൈ) നം. 65/15/മതുവ തീയതി 31.12.2015.
16) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 16-08-16 ലെ 29/ബി/16/ കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്ത്.

## ഉത്തരവ്

മത്സ്യത്തൊഴിലാളി കടാശ്വാസബിൽ നിയമസഭാ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും, കമ്മിറ്റി സിറ്റിംഗുകൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഒരു അടിയന്തര സമാശ്വാസ നടപടി എന്ന നിലയ്ക്ക് അവർ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വായ്പാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സ്വീകരിച്ച വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ റിക്കവറി നടപടികൾക്ക് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം 6 മാസത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. മോറട്ടോറിയത്തിന്റെ കാലാവധി തുടർന്ന് പരാമർശം (4) ഒഴികെ (2) മുതൽ (15) വരെ സർക്കാർ ഉത്തരവുകൾ പ്രകാരം തുടർച്ചയായി 31.12.2016 വരെ ദീർഘിപ്പിക്കുകയുണ്ടായി.

(2) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി പരാമർശം 4-ലെ സർക്കാർ ഉത്തരവു പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവല്ക്കരിക്കപ്പെട്ടു. കമ്മീഷൻ സമർപ്പിച്ച ശുപാർശകളിന്മേൽ മത്സ്യത്തൊഴിലാളികളുടെ ചില ഇനങ്ങളിലുള്ള വായ്പ കുടിശ്ശിക പൂർണ്ണമായും ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(3) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്ത മത്സ്യത്തൊഴിലാളികളിൽ കടാശ്വാസത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ സമാഹരിക്കാനും തെളിവുകൾ ശേഖരിക്കാനും കൂടുതൽ സമയം അനിവാര്യമാണെന്ന് കണ്ടതിനെ തുടർന്ന് മോറട്ടോറിയത്തിന്റെ കാലാവധി 01.01.2017 മുതൽ 31.12.2017 വരെ ദീർഘിപ്പിക്കാൻ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പരാമർശം (16) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 31.12.2007 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽനിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 01.01.2017 മുതൽ 31.12.2017 വരെ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, നന്തൻകോട്, തിരുവനന്തപുരം - 3.
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, പൂങ്കുന്നം പി.ഒ., തൃശ്ശൂർ.
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ സൊസൈറ്റീസ്, തിരുവനന്തപുരം.
കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, കാനറാ ബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
പൊതുഭരണ (എസ്.സി) വകുപ്പ് (20.12.2016 ലെ ഇനം നം.562 പ്രകാരം)
റവന്യൂ വകുപ്പ്.
സഹകരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ